**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 576** **09-06-2021 - ൽ മറുപടിയ്ക്ക്**

**വനഭൂമി സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | **Shri. A. K. Saseendran**<br>(വനം, വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ഏക്കർ ഭൂമിയാണ് സംരക്ഷിത വനമായി മാറ്റുന്നത്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് 132.09 ഏക്കർ ഭൂമി സംരക്ഷിത വനമായി മാറ്റുന്നതിനുള്ള ശുപാർശകൾ പരിഗണനയിലുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു. |
| (ബി) | കാസർഗോഡ് ജില്ലയിൽ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ കീഴിലുണ്ടായിരുന്ന ഭൂമി സംരക്ഷിത വനമായി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിൽ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ കീഴിലുണ്ടായിരുന്ന 137.411 ഹെക്ടർ ഭൂമി 30.01.2017 ലെ വിജ്ഞാപന പ്രകാരം സംരക്ഷിതവനമായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | ഇതിന്റെ നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | 1961 ലെ കേരള വനം ആക്ടിന്റെ (1962 ലെ 4) 4-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി 30.01.2017 തീയതിയിലെ എസ്.ആർ.ഒ.നമ്പർ 74/2017 (ജി.ഒ. (പി) 1/2017/വനം) പ്രകാരം റിസർവ്വ് വനമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കാസർഗോഡ് റവന്യൂ ഡിവിഷണൽ ഓഫീസറെ ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുമുണ്ട്. ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ കേരള വന നിയമം 6-ാം വകുപ്പ് പ്രകാരമുള്ള 21.06.2017 തീയതിവച്ചുള്ള വിളംബരം 01.08.2017 ലെ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറുടെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ആയതിന് ശേഷം സെക്ഷൻ 19 പ്രകാരമുള്ള അന്തിമ വിജ്ഞാപനം ഇറക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | ജില്ല | സംരക്ഷിത വനമായി മാറ്റാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി (ഏക്കറിൽ) |
|---|---|---|
| 1 | കൊല്ലം | 9.47 |
| 2 | ആലപ്പുഴ | 97.50 |
| 3 | കോട്ടയം | 18.50 |
| 4 | ഇടുക്കി | 6.62 |
| | ആകെ | 132.09 |